# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2007
## 22.03.2012-ലെ മറുപടിക്ക്
## ട്രഷറി പരിഷ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ജോസഫ് വാഴക്കൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | ട്രഷറി പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ട്രഷറി പരിഷ്കരണങ്ങളുടെ ഭാഗമായി 'ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പദ്ധതി'യിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും നെറ്റ്‌വർക്കിംഗ്, കോർ ബാങ്കിംഗ് സൊലൂഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികളും "ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി"യിൽപെടുത്തി പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |
| ബി) | ട്രഷറി നടപടികൾ സുഗമമാക്കുന്നതിന് ട്രഷറി ഫോമുകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; | ഇതു സംബന്ധിച്ച് ശുപാർശ സർക്കാരിൽ നിലവിലില്ല. |
| സി) | ഇതിനായി ഫോം റിവിഷൻ കമ്മിറ്റിക്ക് രൂപം നൽകുമോ; | ട്രഷറി വകുപ്പിൽ ഡിസ്ട്രിക്ട് ട്രഷറി ഓഫീസർമാരുടെ തലത്തിൽ ഫോം റിവിഷൻ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ഡി) | എൻക്വയറി കൗണ്ടർ, കസ്റ്റമർ ലോഞ്ച് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ചില ട്രഷറികളിൽ നിലവിലുള്ള സൗകര്യം പരമാവധി ഉപയോഗപ്പെടുത്തി എൻക്വയറി കൗണ്ടറുകൾ, കസ്റ്റമർ ലോഞ്ച് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ "ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി"യിൽ ഉൾപ്പെടുത്തി ട്രഷറി നവീകരണത്തിന്റെ ഭാഗമായി കൂടുതൽ മെച്ചപ്പെട്ട കസ്റ്റമർ ലോഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

Baiyaravi

സെക്ഷൻ ഓഫീസർ